# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **136/2026** തിരുവനന്തപുരം, തീയതി **: 02/07/2026**

## <u>പത്രക്കുറിപ്പ്</u>

### <u>കേരള സർവകലാശാല</u>
### <u>ഒന്നാം വർഷ ബിഎഡ് പ്രവേശനം - 2026</u>
### <u>ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു</u>
### <u>കോളേജ് പ്രവേശനം 03/07/2026 , 04/07/2026 തീയതികളിൽ</u>

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്കുള്ള 2026-27 അധ്യയന വർഷത്തിലെ ബിഎഡ് പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **(https://admissions.keralauniversity.ac.in/bed2026).** അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല അഡ്മിഷൻ ഫീസ് പ്രൊഫൈലിൽ നിന്നും ഓൺലൈനായി ഒടുക്കി **'Transaction Success'** എന്ന് രേഖപ്പെടുത്തിയിട്ടുള്ള രസീതിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത ശേഷം കോളേജിൽ ഹാജരായി പെർമനന്റ്/ടെമ്പററി അഡ്മിഷൻ എടുക്കേണ്ടതാണ്.

സർവകലാശാല അഡ്മിഷൻ ഫീസ് അടയ്ക്കാത്തവരുടെയും, ഫീസടച്ച ശേഷം കോളേജിൽ ഹാജരായി പെർമനന്റ്/ടെമ്പററി അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെയും അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ തുടർന്ന് വരുന്ന രണ്ടാം അലോട്ട്മെന്റിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അവർക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിലേക്കായി സർവകലാശാല അഡ്മിഷൻ ഫീസ് അടച്ച് കോളേജിൽ ഹാജരായി പെർമനന്റ്/ടെമ്പററി അഡ്മിഷൻ എടുക്കേണ്ടതാണ്. ടെമ്പററി അഡ്മിഷൻ സംവിധാനം ഒന്നാം ഘട്ട അലോട്ട്മെന്റിൽ മാത്രമേ അനുവദിച്ചിട്ടുള്ളൂ.

ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരായ വിദ്യാർത്ഥികൾ കോളേജിൽ ഹാജരായി അഡ്മിഷൻ ഉറപ്പാക്കിയ ശേഷം (പെർമനന്റ് അഡ്മിഷൻ എടുത്തവർ ഉൾപ്പെടെ) ഹയർ ഓപ്ഷനുകൾ (അലോട്ട്മെന്റ് കിട്ടിയ ഓപ്ഷന് മുകളിലുള്ളവ) ജൂലൈ 7 ന് മുൻപായി നീക്കം ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ പ്രസ്തുത ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുകയും അപ്രകാരം ലഭിക്കുന്ന സീറ്റിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതുമാണ്.

വിശദവിവരങ്ങൾക്ക്
വെബ്സൈറ്റ് : (**https://admissions.keralauniversity.ac.in/bed**2026)
ഹെൽപ്പ് ലൈൻ നമ്പർ : 8281883053 ( **Whatsapp also)**
ഇ-മെയിൽ : **bedadmission@keralauniversity.ac.in**.

## **കേരള സർവകലാശാല**
## **ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം 2026 – 27**
## **എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് ഓപ്ഷൻസ് നൽകുന്നതിന് 02.07.2026 മുതൽ 07.07.2026 വരെ അവസരം**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് എയ്ഡഡ് **(Aided)** കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് ആഗ്രഹിക്കുന്ന നിലവിൽ രജിസ്ട്രേഷനുള്ള വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി 02.07.2026 മുതൽ 07.07.2026 വരെ ഓപ്ഷൻസ് നൽകാവുന്നതാണ്.

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവരും അഡ്മിഷൻ എടുത്ത ശേഷം കോളേജിൽ നിന്നും ടിസി വാങ്ങിയവരും, പല ഘട്ടങ്ങളിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവരും ഉൾപ്പെടെ എല്ലാവരും പുതുതായി കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷൻസ് നൽകിയാൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.

തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകൾ: എയ്ഡഡ് കോളേജ് നടത്തുന്ന മാനേജ്മെന്റിന്റെ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും മെറിറ്റിന്റെ അടിസ്ഥാനത്തിൽ നികത്തപ്പെടുന്ന സീറ്റുകളാണ് 'കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകൾ'.

കൂടുതൽ വിവരങ്ങൾക്ക്: അഡ്മിഷനുമായി ബന്ധപ്പെട്ട പുതിയ അപ്ഡേറ്റുകൾക്കായി സർവകലാശാലയുടെ പത്രക്കുറിപ്പുകളും ഔദ്യോഗിക വെബ്സൈറ്റും പരിശോധിക്കുക:

വെബ്സൈറ്റ് : **https://admissions.keralauniversity.ac.in/fyugp**2026

ഹെൽപ്പ് ലൈൻ നമ്പർ : 8281883052.

## **ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2026**

## **കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/യു.ഐ.ടി കോളേജുകളിലെ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/യു.ഐ.ടി കോളേജുകളിലെ 2026-27 അധ്യയന വർഷത്തിലെ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് അഡ്മിഷൻ വെബ്സൈറ്റിൽ (**https://admissions.keralauniversity.ac.in/pg**2026) പ്രസിദ്ധീകരിച്ചു.

പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ട്രയൽ അലോട്ട്മെന്റ് പരിശോധിച്ചതിന് ശേഷം ഓപ്ഷനുകൾ ചേർക്കുന്നതും, ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതും ഉൾപ്പെടെയുള്ള മാറ്റങ്ങൾ വരുത്തുന്നതിന് 03/07/2026 വരെ വിദ്യാർത്ഥികൾക്ക് അവസരം ഉണ്ടായിരിക്കുന്നതാണ്. പ്രൊഫൈലിൽ മാറ്റങ്ങൾ വരുത്തുന്നവർ ആയതിന്റെ പുതിയ പ്രിന്റ് ഔട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. ട്രയൽ അലോട്ട്മെന്റ് വന്നതിന് ശേഷം വിദ്യാർത്ഥികൾ ഓപ്ഷനുകൾ ഉൾപ്പെടെയുള്ള മാറ്റങ്ങൾ വരുത്തുന്നതിനാൽ ട്രയൽ അലോട്ട്മെന്റിൽ ലഭിച്ച കോളേജുകൾക്കും കോഴ്സുകൾക്കും തുടർന്ന് വരുന്ന അലോട്ട്മെന്റുകളിൽ മാറ്റങ്ങൾ വരുവാൻ സാധ്യതയുണ്ട്. ആയതിനാൽ ട്രയൽ അലോട്ട്മെന്റ് ലഭിച്ചു എന്നുള്ളത് കൊണ്ട് മാത്രം അഡ്മിഷൻ ലഭിക്കണമെന്നില്ല. ഒന്നാം ഘട്ട അലോട്ട്മെന്റ് 04/07/2026 ന് പ്രസിദ്ധീകരിക്കുന്നതാണ്. ഷെഡ്യൂൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള (2026-27 അധ്യയന വർഷം) സ്പോട്ട് അഡ്മിഷൻ അതാത് പഠനവകുപ്പുകളിൽ വച്ച് 03.07.2026 ന് നടത്തുന്നതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ രാവിലെ 11 മണിക്ക് അതാത് പഠനവകുപ്പുകളിൽ ഹാജരാക്കേണ്ടതാണ്.

**സ്പോട്ട് അഡ്മിഷനുള്ള ഒഴിവുകൾ:**

ഫിസിക്സ് : SC - 1; കെമിസ്ട്രി : SC - 1, ST - 1 മാത്തമാറ്റിക്സ് : SC - 3, ST - 1 സൈക്കോളജി : ST - 1; ജിയോളജി : ST - 1; മലയാളം : ഓപ്പൺ മെറിറ്റ് -1, ഈഴവ - 2, മുസ്ലീം - 1 , SC - 3, ST - 1 OBH-1, EWS -2; ഇംഗ്ലീഷ്:ST - 1; ഹിന്ദി : ഓപ്പൺ മെറിറ്റ് - 9, ഈഴവ -2, മുസ്ലിം - 1, SC -3, ST - 1 OBH -1, EWS -2, സംസ്കൃതം - ഓപ്പൺ മെറിറ്റ് – 9, ഈഴവ - 2, മുസ്ലിം - 1, SC - 3, ST – 1, OBH - 1, EWS - 2; പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് SC-1, ഹിസ്റ്ററി - ST - 1, ബിബിഎ – ST - 1; കൊമേഴ്സ് : ST – 1.

കൂടുതൽ വിവരങ്ങൾ അഡ്മിഷൻ പോർട്ടലിൽ (admissions.keralauniversity.ac.in) ലഭ്യമാണ്. ഇ-മെയിൽ : cssfyugphelp2026@gmail.com, ഫോൺ : 0471 230838, മൊബൈൽ : 9188524612.

കേരളസർവകലാശാലയിലെ പഠന വകുപ്പുകളിലെ എംഎ/എംഎസ്സി/ എംടെക്/എംകോം/എംഎഡ്/എംഎസ്ഡബ്ല്യൂ എന്നീ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ 03-07-2026 തീയതിയിൽ രാവിലെ 11 മണിക്ക് അതാത് പഠന വകുപ്പുകളിലായി നടക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം നിശ്ചയിച്ച സമയത്ത് അതാതു പഠനവകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

ഒഴിവുള്ള പ്രോഗ്രാമുകളെ കുറിച്ചും, ഒഴിവുകളുടെ എണ്ണം സംബന്ധിച്ചും വിശദവിവരങ്ങൾ അറിയുന്നതിനായി ഈ ലിങ്ക് സന്ദർശിക്കുക.

[https://admissions.keralauniversity.ac.in/css2026/]. ഒഴിവുള്ള വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ സ്പോട്ട് അഡ്മിഷന് ഹാജരാകുന്ന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് സർവകലാശാല മാനദണ്ഡങ്ങൾ അനുസരിച്ച് അഡ്മിഷൻ നൽകുന്നതാണ്. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2308328, മൊബൈൽ 9188524612, ഇ-മെയിൽ : csspghelp2026@gmail.com.

## പരീക്ഷാഫലം

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 2026 മെയിൽ നടത്തിയ എട്ടാം സെമസ്റ്റർ ബിടെക് (2020 സ്കീം – റെഗുലർ - 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2020 **&** 2021 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2026 ജൂലൈ 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിടെക് (2020 സ്കീം – റെഗുലർ - 2024 അഡ്മിഷൻ, സപ്ലിമെന്ററി – 2020 **&** 2023 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2026 ജൂലൈ 11 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിഎസ്സി (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2022 **&** 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2013, 2017, 2018 **&** 2020 അഡ്മിഷൻ), ജൂൺ 2026 ജിയോളജി, കെമിസ്ട്രി, ബോട്ടണി എന്നീ പ്രാക്ടിക്കൽ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് 2026 ജൂലൈ 15 വരെ അപേക്ഷിക്കാം. യോഗ്യത : പ്ലസ് ടു / പ്രീ – ഡിഗ്രി ജയിച്ചിരിക്കണം, കോഴ്സ് കാലാവധി : ആറ് മാസം, ക്ലാസുകൾ : ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ് ഫീസ് : **Rs.** 9000/-, ഉയർന്ന പ്രായപരിധി ഇല്ല. **www.keralauniversity.ac.in** നിന്നും **Academic – Centres - Centre for Adult Continuing Education and Extension page)** അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് **SBI** യിൽ **A/c. No.** 57002299878 ൽ **Rs.** 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം പി.എം.ജി. ജംഗ്ഷൻ, സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്സിലെ **CACEE** ഓഫീസിൽ എത്തിക്കേണ്ടതാണ്. അവസാന തീയതി : 2026 ജൂലൈ 15. ഫോൺ **:** 0471-2302523.

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സിന് 2026 ജൂലൈ 15 വരെ അപേക്ഷിക്കാം. യോഗ്യത : കേരള സർവകലാശാല അംഗീകരിച്ച ബിരുദം, കോഴ്സ് കാലാവധി : ഒരു വർഷം, ക്ലാസുകൾ : രാവിലെ **7 - 9** വരെ, കോഴ്സ് ഫീസ് : **Rs. 19,500 /-**, അപേക്ഷാഫീസ് : **100** രൂപ, ഉയർന്ന പ്രായപരിധി ഇല്ല. **SBI** യിൽ **A/c. No. 57002299878** ൽ **Rs. 100** രൂപ അടച്ച രസീതും മാർക്ക് ലിസ്റ്റുകളുടേയും സർട്ടിഫിക്കറ്റുകളുടെയും പകർപ്പും സഹിതം പി.എം.ജി. ജംഗ്ഷൻ, സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്സിലെ **CACEE** ഓഫീസിൽ എത്തിക്കേണ്ടതാണ്.

കേരള സർവകലാശാല വെബ്സൈറ്റ് **www.keralauniversity.ac.in** നിന്നും **Home page – Academic – Centres - Centre for Adult Continuing Education and Extension page** നിന്നും അപേക്ഷാഫോറം ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഫോൺ **:** 0471-2302523.

## പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കാനുള്ള തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ന്യൂജെൻ ഡിഗ്രി കോഴ്സ് ഉൾപ്പെടെയുള്ള എംഎ/എംഎസ്‌സി/എംകോം/എംഎസ്ഡബ്ല്യൂ/എംഎച്ച്ആർഎം/എംഎംസിജെ/എംടിടിഎം ഏപ്രിൽ 2026 ബിരുദാനന്തര ബിരുദ പരീക്ഷകളുടെ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കാനുള്ള അവസാന തീയതി 2026 ജൂലൈ 04 ൽ നിന്നും 2026 ജൂലൈ 10 ലേക്ക് മാറ്റിയിരിക്കുന്നു.



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |